**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2932** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനയാനങ്ങൾ അഴിമുഖത്ത് അപകടത്തിൽപ്പെടുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി തുറമുഖത്തോട്ടും അഴിമുഖത്തോട്ടും ചേർന്ന് കിടക്കുന്ന മുനമ്പം, കാളമുക്ക്, തോപ്പുംപടി തുടങ്ങിയ ഫിഷിങ് ഹാർബറുകളിൽ നിന്നും മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യബന്ധനയാനങ്ങൾ അഴിമുഖത്ത് അപകടത്തിൽപ്പെട്ട് നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടിന്റെ അവശിഷ്ടങ്ങളിൽ തട്ടി തുടർച്ചയായി അപകടത്തിൽപ്പെടുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | മെയ് മാസം 29-ാം തിയ്യതി കൊച്ചി അഴിമുഖത്തോട് ചേർന്ന് കപ്പൽചാലിനു സമീപമായി 'പൂർണ്ണശ്രീ' എന്ന യന്ത്ര വൽകൃതബോട്ട് മുങ്ങുകയുണ്ടായി. മുങ്ങിയ ബോട്ടിന്റെ അവശിഷ്ടങ്ങളിൽ തട്ടി മറ്റ യാനങ്ങൾക്ക് അപകടം ഉണ്ടാകാതിരിക്കുവാൻ മറൈൻ ആംബുലൻസ് പ്രസ്തുത സ്ഥലത്ത് ആങ്കർ ചെയ്യുകയും മുങ്ങൽ വിദഗ്ധരെ ഏർപ്പാടാക്കി അടിയന്തിരമായി ജലോപരിതലത്തിന് മുകളിൽ കാണുന്ന രീതിയിൽ ബോയയും സിഗ്നൽ ലൈറ്റും സ്ഥാപിച്ചു. 31/08/2021-ന് പ്രസ്തുത ബോട്ടിന്റെ അവശിഷ്ടങ്ങളിൽത്തട്ടി St. Antony (ഇൻബോർഡ് വള്ളം), Jud Salam Ashikman (ട്രോളർ) എന്നീ യാനങ്ങൾ കൂടി കടലിൽ മുങ്ങി. 'പൂർണ്ണശ്രീ' ബോട്ടിന്റെ അവശിഷ്ടങ്ങളിൽ സ്ഥാപിച്ചിരുന്ന സിഗ്നൽ ലൈറ്റും ബോയയും വിച്ഛേദിച്ചതായി പരിശോധനയിൽ നിന്നും മനസ്സിലായി. പ്രസ്തുത സ്ഥലത്ത് പുതുതായി ബോയയും സിഗ്നൽ ലൈറ്റും സ്ഥാപിക്കുകയും 31/08/2021-ൽ മുങ്ങിയ 2 യാനങ്ങളുടെ അവശിഷ്ടങ്ങളിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുടർച്ചയായി സിഗ്നൽ ലൈറ്റും ബോയയും മോഷണം പോകുന്നതിനാൽ ഫൈബർ ഗ്ലാസ്സിൽ തീർത്ത വലിയ ബോയയും സിഗ്നൽ ലൈറ്റും ഉരുക്ക് ചങ്ങല ഉപയോ ഗിച്ച് ബോട്ടിന്റെ അവശിഷ്ടങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 01/10/2021 ൽ തമിഴ് നാട് രജിസ്ട്രേഷനുള്ള 'കുട്ടിയാണ്ടവൻ' (IYYAPPAN) (IND-TN-06-MM-7507) എന്ന ബോട്ട് കൊച്ചി അഴിമുഖത്തോട് ചേർന്ന് മണൽതിട്ടയിൽ ഇടിച്ചുമുങ്ങിയിരുന്നു. പ്രസ്തുത ബോട്ട് ഇപ്പോഴും സംഭവസ്ഥലത്ത് മുങ്ങിക്കിട ക്കുകയാണ്. |

| | | | |
|---|---|---|---|
| | | | ഇത് മാറ്റുന്നതിനുള്ള നടപടി ബോട്ടുടമകളും തമിഴ്നാട് ഫിഷറീസ് വകുപ്പും നടത്തിവരുന്നു. |
| (ബി) | അഴിമുഖത്ത് അപകടത്തിൽപ്പെട്ട് നീക്കം ചെയ്യപ്പെടാതെ കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യേണ്ട ഉത്തരവാദിത്തം ആർക്കൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | അഴിമുഖത്ത് അപകടത്തിൽപ്പെട്ട് നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യേണ്ട ഉത്തരവാദിത്വം ബോട്ടുടമകൾ ക്കാണ്. കടലിൽ മുങ്ങിക്കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യാൻ ഉടമകൾക്ക് നോട്ടീസ് നൽകിയെങ്കിലും അവർ ഇതുവരെയും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിവരം കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ അറിയിക്കുകയും മുങ്ങിയ ബോട്ട് ഉയർത്തി നീക്കം ചെയ്യുന്നതിന് പോർട്ട് ട്രസ്റ്റിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തി രുന്നു. എന്നാൽ പ്രസ്തുത ബോട്ടുകൾ മുങ്ങിയത് കപ്പൽ ചാലിൽ അല്ലാത്ത തിനാലും കപ്പലുകൾക്ക് തടസമല്ലാത്ത തിനാലും മുങ്ങിയ ബോട്ടിന്റെ ഉടമ സ്വന്തം ചെലവിൽ ബോട്ടിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യണമെന്നാണ് പോർട്ട് ട്രസ്റ്റിന്റെ നിലപാട്. അത് പ്രകാരം മുങ്ങിയ ബോട്ടിന്റെ ഉടമയ്ക്ക് പോർട്ട് ട്രസ്റ്റിൽ നിന്നും നോട്ടീസും നൽകി യിരുന്നു. കടലിൽ മുങ്ങികിടക്കുന്ന സ്റ്റീൽ നിർമിതമായ ബോട്ടിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ ഫിഷറീസ് വകുപ്പിനില്ലാത്തതിനാൽ ഇത് നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല. മുങ്ങിയ ബോട്ട് നീക്കം ചെയ്യാത്തതും മണൽതിട്ട നീക്കം ചെയ്യാത്തതും കൂടുതൽ അപകടങ്ങൾക്ക് കാരണമാകുമെന്നതി നാൽ ഇക്കാര്യങ്ങൾ എറണാകുളം ജില്ലാ കളക്ടറുടെയും, ജില്ലാ ദുരന്ത നിവാരണ വിഭാഗത്തിന്റെയും ശ്രദ്ധയിൽ കൊണ്ട് വരികയും അവർ കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സംസാരിച്ച മൽസ്യബന്ധന ബോട്ടുകൾക്കു അപകടമുണ്ടാകും വിധം മുങ്ങിക്കിടക്കുന്ന ബോട്ടുകളും മണൽ തിട്ടയും പോർട്ട് ട്രസ്റ്റിന്റെ സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണ്. നിലവിൽ അഴിമുഖത്ത് അപകടത്തിൽ പ്പെട്ട് നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- ക്രമ നം. അപകടത്തിൽപ്പെട്ട ബോട്ടിന്റെ പേരും രജിസ്ട്രേഷൻ നമ്പരും നീക്കം ചെയ്യാതിരിക്കാനുള്ള കാരണം 1 പൂർണ്ണശ്രീ, IND-KL-04-MM-1983 നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. 2 St. Antony, IND-KL-04-MM-3280 നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. 3 Jud Salam |

| | | | |
|---|---|---|---|
| | | | (Ashikmon), IND-KL-05-MM-1812 നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. 4 കുട്ടിയാണ്ടവൻ (IYYAPPAN), IND-TN-06-MM-7507 നീക്കം ചെയ്യുന്നതി നുള്ള നടപടികൾ തമിഴ്നാട് സർക്കാരും ബോട്ടുടമയും ചേർന്ന് സ്വീകരിച്ച് വരുന്നു. |
| (സി) | നിലവിൽ നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ ഏതെല്ലാമെന്നും ഇവ നീക്കം ചെയ്യാത്തതിന് കാരണം എന്തെന്നും നീക്കം ചെയ്യാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ; | (സി) | അഴിമുഖത്ത് അപകടത്തിൽപ്പെട്ട് നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യേണ്ട ഉത്തരവാദിത്വം ബോട്ടുടമകൾ ക്കാണ്. കടലിൽ മുങ്ങിക്കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യാൻ ഉടമകൾക്ക് നോട്ടീസ് നൽകിയെങ്കിലും അവർ ഇതുവരെയും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിവരം കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ അറിയിക്കുകയും മുങ്ങിയ ബോട്ട് ഉയർത്തി നീക്കം ചെയ്യുന്നതിന് പോർട്ട് ട്രസ്റ്റിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തി രുന്നു. എന്നാൽ പ്രസ്തുത ബോട്ടുകൾ മുങ്ങിയത് കപ്പൽ ചാലിൽ അല്ലാത്ത തിനാലും കപ്പലുകൾക്ക് തടസമല്ലാത്ത തിനാലും മുങ്ങിയ ബോട്ടിന്റെ ഉടമ സ്വന്തം ചെലവിൽ ബോട്ടിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യണമെന്നാണ് പോർട്ട് ട്രസ്റ്റിന്റെ നിലപാട്. അത് പ്രകാരം മുങ്ങിയ ബോട്ടിന്റെ ഉടമയ്ക്ക് പോർട്ട് ട്രസ്റ്റിൽ നിന്നും നോട്ടീസും നൽകി യിരുന്നു. കടലിൽ മുങ്ങികിടക്കുന്ന സ്റ്റീൽ നിർമിതമായ ബോട്ടിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ ഫിഷറീസ് വകുപ്പിനില്ലാത്തതിനാൽ ഇത് നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല. മുങ്ങിയ ബോട്ട് നീക്കം ചെയ്യാത്തതും മണൽതിട്ട നീക്കം ചെയ്യാത്തതും കൂടുതൽ അപകടങ്ങൾക്ക് കാരണമാകുമെന്നതി നാൽ ഇക്കാര്യങ്ങൾ എറണാകുളം ജില്ലാ കളക്ടറുടെയും, ജില്ലാ ദുരന്ത നിവാരണ വിഭാഗത്തിന്റെയും ശ്രദ്ധയിൽ കൊണ്ട് വരികയും അവർ കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സംസാരിച്ച മൽസ്യബന്ധന ബോട്ടുകൾക്കു അപകടമുണ്ടാകും വിധം മുങ്ങിക്കിടക്കുന്ന ബോട്ടുകളും മണൽ തിട്ടയും പോർട്ട് ട്രസ്റ്റിന്റെ സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണ്. നിലവിൽ അഴിമുഖത്ത് അപകടത്തിൽ പ്പെട്ട് നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- ക്രമ നം. അപകടത്തിൽപ്പെട്ട ബോട്ടിന്റെ പേരും രജിസ്ട്രേഷൻ നമ്പരും നീക്കം ചെയ്യാതിരിക്കാനുള്ള കാരണം 1 പൂർണ്ണശ്രീ, IND-KL-04-MM-1983 നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് തയ്യാറായിട്ടില്ല. 2 St. Antony, IND-KL-04-MM-3280 നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. 3 Jud Salam (Ashikmon), IND-KL-05-MM-1812 നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. 4 കുട്ടിയാണ്ടവൻ (IYYAPPAN), IND-TN-06-MM-7507 നീക്കം ചെയ്യുന്നതി നുള്ള നടപടികൾ തമിഴ്നാട് സർക്കാരും ബോട്ടുടമയും ചേർന്ന് സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇങ്ങനെ അപകടത്തിൽപ്പെട്ട് ജീവനോപാധികൾ നഷ്ടമാവുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കേണ്ട ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ജീവനോപാധികൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്നുമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. |
| (ഇ) | അഴിമുഖത്ത് നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യേണ്ടത് സംബന്ധിച്ച കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | 19/09/2017 ൽ IND-KL-04-MM-2157എന്ന രജിസ്ട്രേഷൻ നമ്പറുള്ള 'നീതിമാൻ' എന്ന ട്രോളർ ഷിപ്പിംഗ് ചാനലിൽ മുങ്ങിയതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് കൊച്ചി സബ് കോടതി മുൻപാകെ OS 40/2020 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ